# കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്, തിരുവനന്തപുരം

പി.ബി. നമ്പർ - 112, ഓവർ ബ്രിഡ്ജ് ജംഗ്ഷൻ, തിരുവനന്തപുരം - 1
ഫോൺ : 0471 - 2460339, വെബ്സൈറ്റ് www.kscewb.kerala.gov.in

റീജിയണൽ ഓഫീസ് :

1) പി.ബി. നമ്പർ 76, പി.കെ. കോംപ്ലക്സ്, അണ്ടർ ബ്രിഡ്ജിനു സമീപം, മുനീശ്വരൻ കോവിൽ റോഡ്, കണ്ണൂർ - 1. ഫോൺ : 0497 - 2708370.
2) പി.ബി. നമ്പർ 106, മഹേശ്വരി ബിൽഡിംഗ്, തൃശൂർ - 1. ഫോൺ : 0487 - 2444266.
3) പി.ബി. നമ്പർ 2305, കണയന്നൂർ സഹകരണ കാർഷിക - ഗ്രാമവികസന ബാങ്ക് ബിൽഡിംഗ്, പാലാരിവട്ടം പി.ഒ., കൊച്ചിൻ - 25, എറണാകുളം. ഫോൺ : 0484 - 2535693
4) പി.ബി. നമ്പർ 112, ഹെഡ് ഓഫീസ് ബിൽഡിംഗ്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്, ഓവർ ബ്രിഡ്ജ് ജംഗ്ഷൻ, തിരുവനന്തപുരം - 1. ഫോൺ : 0471 - 2460440

No. WB / DG / 254 / 2015

തീയതി : 09 - 08 - 2017

## സർക്കുലർ നമ്പർ 03/2017

വിഷയം : കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ് - അംഗങ്ങളായ സഹകരണ സംഘം ജീവനക്കാരുടെ ആനുകൂല്യങ്ങളും, വിഹിതവും വർദ്ധിപ്പിച്ചത് സംബന്ധിച്ച് :-

സൂചന : സർക്കാരിന്റെ 4 - 8 - 2017 ലെ ജി.ഒ. (എം.എസ്.) നമ്പർ 28/17 (സഹകരണം) ഉത്തരവ്

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം ജീവനക്കാർക്ക് നൽകി വരുന്ന മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, സേവനത്തിൽ നിന്ന് വിരമിയ്ക്കുന്ന അംഗങ്ങൾക്ക് ബോർഡിലേക്ക് ഒടുക്കിയ വിഹിതത്തോടൊപ്പം നൽകുന്ന ഇൻസെന്റീവ് എന്നിവ വർദ്ധിപ്പിച്ചുകൊണ്ടും സഹകരണ സംഘം ജീവനക്കാരുടെ മക്കളിൽ വിവിധ പരീക്ഷകളിൽ ഉന്നത വിജയം നേടിയവർക്ക് നൽകുന്ന ക്യാഷ് അവാർഡിന് പുറമെ കായിക രംഗത്ത് (സ്പോർട്സ് & ഗെയിംസ്) ഹൈസ്ക്കൂൾ തലത്തിൽ സംസ്ഥാന-ദേശീയ മത്സരത്തിലും കോളേജ് തലത്തിൽ ഇന്റർ യൂണിവേഴ്സിറ്റി മത്സരത്തിലും മികവ് പുലർത്തുന്നവർക്ക് ക്യാഷ് അവാർഡ് ഏർപ്പെടുത്തിക്കൊണ്ടും ക്ഷേമബോർഡിലേയ്ക്ക് അടയ്ക്കേണ്ട പ്രതിമാസ വിഹിതം വർദ്ധിപ്പിച്ചുകൊണ്ടും സൂചന പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയത് സംബന്ധിച്ച് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം ജീവനക്കാർ സർവ്വീസിലിരിക്കെ മരണമടഞ്ഞാൽ നൽകിവരുന്ന മരണാനന്തര ധനസഹായം 1,50,000/- രൂപ എന്നത് 2,50,000/- രൂപയായി വർദ്ധിപ്പിച്ചു.

വെൽഫെയർ ബോർഡ് ചട്ടത്തിലെ ചികിത്സാ ധനസഹായം അനുവദിക്കുന്ന രോഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്ന ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, വൃക്ക നീക്കം ചെയ്യൽ, കരൾ മാറ്റിവയ്ക്കൽ, കരൾ ശസ്ത്രക്രിയ (കരൾദാനം ചെയ്യുന്നതിന് നടത്തുന്ന ശസ്ത്രക്രിയ ഉൾപ്പെടെ) മജ്ജ മാറ്റിവയ്ക്കൽ ശസ്ത്ര ക്രിയ, കണ്ണ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ എന്നിവയ്ക്ക് നൽകുന്ന ധനസഹായം 75000/- രൂപ എന്നത് 125000/- രൂപയായി വർദ്ധിപ്പിച്ചു.

കാഴ്ചശക്തിയ്ക്കുണ്ടാകുന്ന വൈകല്യം, തളർവാതം ബാധിച്ച് ജോലിക്ക് ഹാജരാവാൻ പറ്റാത്ത അവസ്ഥ അപകടംമൂലമോ മറ്റ് കാരണങ്ങളാലോ ഉണ്ടാകുന്ന അംഗവൈകല്യം, ബ്രെയിൻ ട്യൂമർ, എപ്പിലെപ്സി, മാരകമായ ഹെഡ് ഇൻജുറി, മെനിഞ്ചൈറ്റിസ്, എൻസഫാലിറ്റിസ്, തലച്ചോറിനേയും സ്പൈനൽകോഡിനേയും ബാധിക്കുന്ന ഡീജനറേറ്റീവ് രോഗങ്ങൾ എന്നിവയ്ക്കു നൽകി വരുന്ന ചികിത്സാ ധനസഹായം 50,000/- രൂപ എന്നത് 75,000/- രൂപയായി വർദ്ധിപ്പിക്കുകയും ഈ വിഭാഗത്തിൽ ജോയിന്റ് റിപ്ലേസ്മെന്റ് ശസ്ത്രക്രിയ കൂടി പുതുതായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ രോഗങ്ങൾക്ക് ജീവനക്കാരുടെ ആശ്രിതരുടെ ചികിത്സയ്ക്ക് നൽകി വരുന്ന ധനസഹായം 25,000/- രൂപ എന്നത് 40,000/- രൂപയായി വർദ്ധിപ്പിച്ചു.

ജീവനക്കാർക്ക് മാത്രമായി ചികിത്സാ ധനസഹായം അനുവദിക്കുന്ന യൂട്രസ് റിമൂവൽ, ഹൃദയസംബന്ധമായ അസുഖം (ഹൃദയ ശസ്ത്രക്രിയ ഒഴികെ) വൃക്ക സംബന്ധമായ അസുഖം (വൃക്ക മാറ്റിവയ്ക്കൽ ഒഴികെ) ലിവർ സിറോസിസ്, തൈറോയിഡ് ഓപ്പറേഷൻ, ഹെർണിയ ഓപ്പറേഷൻ എന്നിവയ്ക്ക് നൽകിവരുന്ന ധനസഹായം 15,000/-രൂപ എന്നത് 25,000/- രൂപയായി വർദ്ധിപ്പിക്കുകയും ആസ്ത്മ, ക്ഷയരോഗം, ചിക്കുൻഗുനിയ എന്നീ ചികിത്സകൾക്ക് നൽകി വരുന്ന 10,000/- രൂപ എന്നത് 15,000/- രൂപയായി വർദ്ധിപ്പിക്കുകയും ഇതിൽ എച്ച് - 1 എൻ - 1, ഡെങ്കിപ്പനി, എലിപ്പനി, വെരിക്കോസ് വെയിൻ ഓപ്പറേഷൻ എന്നിവ കൂടി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

സർവ്വീസിൽ നിന്ന് വിരമിക്കുന്ന അംഗങ്ങൾക്ക് സംഘവും ജീവനക്കാരും ബോർഡിലേക്ക് ഒടുക്കിയ വിഹിതം തിരികെ നൽകുന്നതോടൊപ്പം അനുവദിച്ചിരുന്ന ഇൻസെന്റീവ് 5 % ൽ നിന്ന് 10% ആയി വർദ്ധിപ്പിച്ചു.

വെൽഫെയർ ബോർഡ് വിഹിതമിനത്തിൽ സഹകരണ സംഘം ജീവനക്കാരും സംഘവും ബോർഡിൽ ഒടുക്കുന്ന തുക 100+100 = 200/- രൂപ എന്നത് 130+130 = 260/-രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സഹകരണ സംഘം ജീവനക്കാരുടെ മക്കളിൽ വിവിധ പരീക്ഷകളിൽ മികച്ച വിജയം കൈവരിക്കുന്നവർക്കും കലാമത്സരത്തിൽ സംസ്ഥാനതലത്തിൽ മികച്ച വിജയം നേടുന്നവർക്കും ക്യാഷ് അവാർഡുകൾ നൽകിവരുന്നതിനു പുറമെ കായികരംഗത്ത് (സ്പോർട്സ് & ഗെയിംസ്) സ്കൂൾ വിദ്യാർത്ഥികൾക്ക് സംസ്ഥാനതലത്തിലും ദേശീയതലത്തിലും കോളേജ് വിദ്യാർത്ഥികൾക്ക് ഇന്റർ യൂണിവേഴ്സിറ്റി തലത്തിലും മികവ് പുലർത്തുന്നവർക്ക് 5000/- രൂപയുടെ ക്യാഷ് അവാർഡ് പുതിയതായി ഉൾപ്പെടുത്തിക്കൊണ്ടും ഉത്തരവായിട്ടുണ്ട്.

ടി ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച നിരക്കിലുള്ള വെൽഫെയർ ബോർഡ് വിഹിതം 2017 ഓഗസ്റ്റ് മാസം മുതലും വർദ്ധിപ്പിച്ചതും പുതുതായി അനുവദിച്ചതുമായ ആനുകൂല്യങ്ങൾ 4/8/2017 മുതലും പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ഒപ്പ്

**അഡീഷണൽ രജിസ്ട്രാർ/ സെക്രട്ടറി -**

പകർപ്പ്: 1. എല്ലാ റീജിയണൽ മാനേജർമാർക്കും
2. എല്ലാ സഹകരണ സംഘങ്ങൾക്കും

Sr. Supdt/Regional Manager